REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-11-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **റിയോ ഡി ജനീറോയിൽ G20 ഉച്ചകോടിയ്ക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ആഗോള നേതാക്കളുമായി നിർണായക കൂടിക്കാഴ്ച്ചകളും ആശയവിനിമയങ്ങളും നടത്തി.**
- **പാർലമെന്റ് ശീതകാലസമ്മേളനത്തിന് മുന്നോടിയായി ഗവൺമെന്റ് അടുത്ത ഞായറാഴ്ച സർവകക്ഷി യോഗം വിളിച്ചു.**
- **മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പും ജാർഖണ്ഡ് നിയമസഭാ രണ്ടാം ഘട്ട വോട്ടെടുപ്പും നാളെ.**
- **ശക്തമായ ത്രികോണ മത്സരം നടക്കുന്ന പാലക്കാട് നിയമസഭാ മണ്ഡലം നാളെ ബൂത്തിലേക്ക്.**
- **LDF ഉം UDF ഉം ആഹ്വാനം ചെയ്ത വയനാട് ഹർത്താൽ തുടരുന്നു.**

## വാർത്തകൾ വിശദമായി

ബ്രസീലിയൻ നഗരമായ റിയോ ഡി ജനീറോയിൽ G20 ഉച്ചകോടിയ്ക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ആഗോള നേതാക്കളുമായി നിർണായക കൂടിക്കാഴ്ച്ചകളും ആശയവിനിമയങ്ങളും നടത്തി. ഈജിപ്ഷ്യൻ പ്രസിഡന്റ് അബ്ദുൽ ഫത്താഹ് എൽ-സിസി, ദക്ഷിണ കൊറിയൻ പ്രസിഡന്റ് യൂൻ സുക് യോൾ, യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുലവോൺ ഡെർലെയ്ൻ എന്നിവരുൾപ്പെടെ ആഗോള നേതാക്കളുമായി നടത്തിയ ചർച്ചകളെക്കുറിച്ച് പ്രധാനമന്ത്രി സാമൂഹ്യമാധ്യമ പോസ്റ്റിലൂടെ വിവരങ്ങൾ പങ്കുവെച്ചു.

G-20 ഉച്ചകോടിയുടെ ആദ്യ ദിവസം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്തോനേഷ്യ, പോർച്ചുഗൽ, ഇറ്റലി, ഇംഗ്ലണ്ട്, നോർവേ രാഷ്ട്രത്തലവൻമാരുമായി കൂടിക്കാഴ്ച നടത്തി. UKയിൽ രണ്ട് പുതിയ കോൺസുലേറ്റുകളുടെ പ്രഖ്യാപനമായിരുന്നു ഈ യോഗങ്ങളിലെ പ്രധാന ആകർഷണങ്ങളിലൊന്ന്.

✪✪✪

ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടക്കുന്ന ജി 20 ഉച്ചകോടിക്കിടെ വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ ചൈനീസ് വിദേശകാര്യമന്ത്രി വാങ്-യിയുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ-ചൈന അതിർത്തിയിലെ സമീപകാല സേനാപിന്മാറ്റ പുരോഗതിയിൽ ഉഭയകക്ഷി ബന്ധത്തിന്റെ തുടർനടപടികളെക്കുറിച്ച് ഇരു നേതാക്കളും അഭിപ്രായങ്ങൾ കൈമാറിയെന്ന് ഡോ. ജയശങ്കർ സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. നിലവിലെ ആഗോള സാഹചര്യവും ഇരു നേതാക്കളും ചർച്ച ചെയ്തു.

✪✪✪

പാർലമെന്റ് ശീതകാലസമ്മേളനത്തിന് മുന്നോടിയായി ഗവൺമെന്റ് അടുത്ത ഞായറാഴ്ച സർവകക്ഷി യോഗം വിളിച്ചു. ലോക സഭയുടേയും രാജ്യസഭയുടേയും സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിൽ പാർട്ടികളുടെ സഹകരണം തേടിയാണ് യോഗം. ഈ മാസം 25 മുതൽ ഡിസംബർ 20 വരെയാണ് പാർലമെന്റ് സമ്മേളനം.

✪✪✪

ഇന്ത്യയുടെ മോചനത്തിന് ബ്രിട്ടീഷുകാരോട് പടവെട്ടിയ ഝാൻസിയിലെ റാണി ലക്ഷ്മി ബായിയുടെ ജന്മവാർഷികത്തിൽ പ്രധാനമന്ത്രിയടക്കം BJP നേതാക്കൾ സ്മരാണാഞ്ജലി അർപ്പിച്ചു.

ധീരതയുടേയും രാജ്യസ്നേഹത്തിന്റേയും ഉദാത്ത മുഖമായിരുന്നു റാണി ലക്ഷ്മി ബായി എന്ന് അദ്ദേഹം X- പോസ്റ്റിൽ കുറിച്ചു.

✪✪✪

ഇന്ന് മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ 107-ാം ജന്മദിനം. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ദിരാഗാന്ധിക്ക് ആദരം അർപ്പിക്കുന്നതായി X- പോസ്റ്റിൽ കുറിച്ചു.

✪✪✪

ഡൽഹിയിൽ അന്തരീക്ഷ മലിനീകരണം രൂക്ഷമായതിനെ തുടർന്ന്, കഴിയുന്നത്ര കേസുകളിൽ വെർച്വൽ ഹിയറിംഗിന് ജഡ്ജിമാർക്ക് നിർദേശം നൽകിയതായി ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അറിയിച്ചു. ഇന്ന് കോടതി ചേർന്ന

ഉടൻ ഡൽഹിയിലെ വഷളായി വരുന്ന മലിനീകരണ സാഹചര്യം ബാർ അസോസിയേഷൻ പ്രസിഡന്റും മുതിർന്ന അഭിഭാഷകരും അവലോകനം ചെയ്തു.

✪✪✪

55-ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് നാളെ തുടക്കമാകും. 81 രാജ്യങ്ങളിലെ 180 ഓളം ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കുമെന്ന് ഗോവ മുഖ്യമന്ത്രി ഡോ. പ്രമോദ് സാവന്ത് അറിയിച്ചു. ചലച്ചിത്ര മേളയുടെ വേദികളിലേക്ക് സൗജന്യ യാത്രാ സൗകര്യം ഒരുക്കിയിട്ടുണ്ട്. AR  റഹ്മാൻ, ആർ മാധവൻ, രാകുൽ പ്രീത് സിംഗ്, പങ്കജ് കപൂർ തുടങ്ങിയ പ്രമുഖർ മേളയിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പും  ജാർഖണ്ഡ് നിയമസഭാ രണ്ടാം ഘട്ട വോട്ടെടുപ്പും നാളെയാണ്. ഇന്നലെ പരസ്യപ്രചാരണം  അവസാനിച്ചതോടെ ഇന്ന് നിശബ്ദ പ്രചാരണത്തിലാണ് രണ്ട് സംസ്ഥാനങ്ങളും.  288 അംഗ മഹാരാഷ്ട്ര നിയമസഭയിലേക്ക് ഒരു ഘട്ടമായാണ് വോട്ടെടുപ്പ്.

ജാർഖണ്ഡിൽ നാളെ  12 ജില്ലകളിലെ 38 മണ്ഡലങ്ങളാണ് ജനവിധി രേഖപ്പെടുത്തുന്നത്

55 വനിതകളടക്കം 528 സ്ഥാനാർത്ഥികളാണ് മത്സരരംഗത്ത്.

✪✪✪

ശക്തമായ ത്രികോണ മത്സരം നടക്കുന്ന പാലക്കാട്  നിയമസഭാ മണ്ഡലം നാളെ ബൂത്തിലേക്ക്. സ്ഥാനാർത്ഥികളും പ്രവർത്തകരും ഇന്ന് നിശബ്ദ പ്രചാരണം നടത്തിവരികയാണ്.  ഒന്നരമാസത്തെ പ്രചാരണത്തിന് ശേഷം ഇന്നലെ വൈകിട്ട് പരസ്യപ്രചാരണത്തിന് സമാപനമായി.  നാളെയാണ് വോട്ടെടുപ്പ്.

വിശദാംശങ്ങളുമായി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്

.....വോയ്സ്......

പാലക്കാട് നഗരസഭയും , കണ്ണാടി, മാത്തൂർ ,പിരായിരി പഞ്ചായത്തുകളും ഉൾപ്പെടുന്ന മണ്ഡലത്തിൽ

അന്തിമ വോട്ടർ പട്ടിക പ്രകാരം ആകെ 1,94,706 വോട്ടർമാരാണ് ഉള്ളത്. പത്തു സ്ഥാനാർത്ഥികൾ മത്സര രംഗത്തുണ്ട്.നാല് ഓക്സിലറി ബൂത്തുകൾ  അടക്കം ആകെ 184 പോളിങ് ബൂത്തുകളാണ് ഉപതിരഞ്ഞെടുപ്പിന്

സജ്ജീകരിച്ചിട്ടുള്ളത്. മൂന്ന് ഇടങ്ങളിലായി ഏഴുവോട്ടെടുപ്പ് കേന്ദ്രങ്ങൾ പ്രശ്നബാധിത ബൂത്തുകളായി അടയാളപ്പെടുത്തിയിട്ടുമുണ്ട്.

സുരക്ഷയുടെ ഭാഗമായി മണ്ഡലത്തിലെ എല്ലാപോളിങ് സ്റ്റേഷനുകളിലും വെബ്കാസ്റ്റിങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

വോട്ടെടുപ്പ് സാമഗ്രികളുടെ വിതരണം ഗവ.വിക്ടോറിയ കോളേജിൽ നടന്നു കൊണ്ടിരിക്കുകയാണ്. ഉപ തെരഞ്ഞെടുപ്പ് പ്രമാണിച്ച് നാളെ വോട്ടെടുപ്പ് സുഗമമാക്കാനും ക്രമക്കേടുകൾ തടയാനുമുള്ള എല്ലാ സംവിധാനങ്ങളും ഉറപ്പാക്കിയതായി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥകൂടിയായ ജില്ലാ കളക്ടർ ഡോ.എസ്.ചിത്ര അറിയിച്ചു.നാളെ പാലക്കാട് നിയമസഭാ മണ്ഡലം ഉൾപ്പെടുന്ന പ്രദേശങ്ങളിലെസർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാസ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, സ്വകാര്യവ്യാപാര - വ്യവസായസ്ഥാപനങ്ങൾ എന്നിവയ്ക്ക് നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ്ആക്ട് പ്രകാരം വേതനത്തോടു കൂടിയ പൊതു അവധി അനുവദിച്ച് പൊതുഭരണ വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ട്.

✪✪✪

കേരളം കണ്ട ഏറ്റവും വലിയ കാപട്യമാണ് സന്ദീപ് വാര്യരുടെ കോൺഗ്രസ് പ്രവേശനമെന്ന് CPIM നേതാവ് AK ബാലൻ പറഞ്ഞു. കോൺഗ്രസ്സിൽ ചേരുന്നവർ ലീഗ് നേതാക്കളുടെ കാല് പിടിക്കുന്ന സാഹചര്യം വ്യക്തമാക്കണമെന്നും ബാലൻ ആവശ്യപ്പെട്ടു.

✪✪✪

മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കാത്തതിനെതിരെ UDF ഉം LDF ഉം വയനാട് ജില്ലയിൽ ആഹ്വാനം ചെയ്ത ഹർത്താൽ തുടരുന്നു. ഇരു മുന്നണികളും വെവ്വേറെ കൽപറ്റയിൽ പ്രതിഷേധ മാർച്ച് നടത്തി. UDF പ്രവർത്തർ ഹെഡ് പോസ്റ്റ് ഓഫീസ് ഉപരോധിച്ചു. ഹർത്താൽ അനുകൂലികൾ വാഹനങ്ങൾ തടഞ്ഞതിനെത്തുടർന്ന് താമരശ്ശേരി ചുരത്തിൽ ഗതാഗതം സ്തംഭിച്ചു. ഹർത്താലനുകൂലികൾ കടകമ്പോളങ്ങളും അടപ്പിച്ചു.

വൈകീട്ട് ആറു മണിവരെയാണ് ഹർത്താൽ. അവശ്യ സർവീസുകളെ ഹർത്താലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്ന് നേതാക്കൾ അറിയിച്ചു. KSRTC ദീർഘദൂര സർവ്വീസുകൾ മാത്രമാണ് നടത്തുന്നത്. കൽപ്പറ്റയിലും ജില്ലാ അതിർത്തിയായ ലക്കിടിയിലും UDF പ്രവർത്തകർ വാഹനങ്ങൾ തടയുന്നുണ്ട്.

✪✪✪

ശബരിമല പൂങ്കാവനം പരിശുദ്ധിയോടെ സംരക്ഷിക്കണമെന്നും തീർഥാടകർക്ക് വ്രതശുദ്ധി പോലെ തന്നെ വൃത്തിയും പ്രധാനമാണെന്നും തന്ത്രി കണ്ഠര് രാജീവര് പറഞ്ഞു. സന്നിധാനവും പരിസരവും പരിപാവനമായി സൂക്ഷിക്കാൻ ഓരോ ഭക്തനും ശ്രദ്ധിക്കണം. പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണമായി ഒഴിവാക്കി പ്രകൃതിയെയും ജീവജാലങ്ങളെയും സംരക്ഷിക്കണം. ഇരുമുടിക്കെട്ടിൽ നിന്ന് പ്ലാസ്റ്റിക് സാധനങ്ങൾ ഒഴിവാക്കണമെന്നും തന്ത്രി നിർദ്ദേശിച്ചു.

ദർശനസമയം കൂട്ടിയത് ഭക്തർക്ക് സൗകര്യമായെന്നും അവർ സന്തോഷത്തോടെയാണ് ദർശനം നടത്തി മടങ്ങുന്നതെന്നും അദ്ദേഹം വിലയിരുത്തി.

നിലയ്ക്കലിലെയും പമ്പയിലെയും പന്തലുകളും കുടിവെള്ള വിതരണവും ഭക്തരെ സംബന്ധിച്ച് വലിയ ആശ്വാസമായെന്നും തന്ത്രി പറഞ്ഞു.

✪✪✪

കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, സംവിധായകൻ സത്യൻ അന്തിക്കാടുമായും കർഷക പ്രതിനിധികളുമായും തൃശൂരിൽ കൂടിക്കാഴ്ച്ച നടത്തി. കർഷകൻ കൂടിയായ സത്യൻ അന്തിക്കാടിന്റെ വസതിയിൽ എത്തിയ സുരേഷ് ഗോപി കാർഷിക മേഖലയിലെ പ്രതിസന്ധികളും സാധ്യതകളും കർഷക പ്രതിനിധികളുമായും വളം-കീടംനാശിനി വ്യാപാരികളുമായും ചർച്ചചെയ്തു.

✪✪✪

പീഡനക്കേസിൽ നടൻ സിദ്ദിഖിന് സുപ്രീംകോടതി മുൻകൂർ ജാമ്യം അനുവദിച്ചു. സംഭവം നടന്ന് എട്ട് വർഷങ്ങൾക്ക് ശേഷമാണ് പരാതി നൽകിയതെന്ന് കാണിച്ചാണ് ജസ്റ്റിസുമാരായ ബേല M ത്രിവേദി, സതീഷ് ചന്ദ്ര ശർമ്മ എന്നിവരടങ്ങിയ ബെഞ്ച് ജാമ്യം അനുവദിച്ചത്. സിദ്ദിഖ് പാസ്പോർട്ട് ഹാജരാക്കണമെന്നും അന്വേഷണത്തോട് സഹകരിക്കണമെന്നും കോടതി ആവശ്യപ്പെട്ടു.

ഹൈക്കോടതി മുൻ കൂർ ജാമ്യാപേക്ഷ തള്ളിയതിനെ തുടർന്നാണ് സിദ്ദിഖ് സുപ്രീം കോടതിയെ സമീപിച്ചത്.

✪✪✪

വനിതാ ഏഷ്യൻ ചാമ്പ്യൻഷിപ്പ് ഹോക്കി സെമി ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് ബിഹാറിൽ തുടക്കമാകും. ആദ്യ മത്സരം ചൈനയും മലേഷ്യയും തമ്മിൽ ഉച്ചയ്ക്ക് 2.15 ന് രാജ്ഗീറിൽ നടക്കും. ഇന്ത്യ – ജപ്പാൻ സെമി ഫൈനൽ വൈകിട്ട് 4.45നാണ്.

✪✪✪

ചൈന ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിന് ഇന്ന് ഷെൻജെനിൽ തുടക്കമാകും. ഇന്ത്യൻ താരങ്ങളായ സുമീത് റെഡ്ഡി, എൻ സിക്കി റെഡ്ഡി എന്നിവർ മിക്സഡ് ഡബിൾസിൽ ഇന്ന് ഇറങ്ങും.

പുരുഷ ഡബിൾസിൽ സാത് വിക് സായ് രാജ് റെങ്കി റെഡ്ഡി സഖ്യം ചൈനീസ് തായ്പെയ് സഖ്യത്തെ നേരിടും. പുരുഷ സിംഗിൾസിൽ ലക്ഷ്യ സെൻ, വനിത സിംഗിൾസിൽ പി വി സിന്ധുവും ഇന്ത്യക്കായി മത്സരിക്കുന്നുണ്ട്.

✪✪✪

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർ സോൺ വനിതാ ബാഡ്മിന്റണിൽ ദേവഗിരി സെന്റ് ജോസഫ്സ് കോളേജ് ജേതാക്കളായി. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിനെ പരാജയപ്പെടുത്തിയാണ് തുടർച്ചയായി മൂന്നാം തവണയും ദേവഗിരി ചാമ്പ്യൻമാരാകുന്നത്.

✪✪✪

കേരളത്തിന്റെ മഹത്തായ പാരമ്പര്യവും ചരിത്ര ശേഷിപ്പുകളും സംരക്ഷിക്കാനാണ് ഗവൺമെൻറ് ശ്രമിച്ചു കൊണ്ടിരിക്കുന്നതെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. കണ്ണൂരിൽ ലോക പൈതൃക വാരാഘോഷത്തിന്റെ സംസ്ഥാനതല ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കണ്ണൂർ പെരളശ്ശേരി AKG മ്യൂസിയം ഉൾപ്പെടെ 22 മ്യൂസിയങ്ങൾ സംസ്ഥാനത്ത് പൂർത്തിയായി വരുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. 1924ൽ ലണ്ടനിലെ വെംബ്ലി എക്സിബിഷനിൽ പ്രദർശിപ്പിച്ച പരമ്പരാഗത തുണിത്തരങ്ങളുടെ പ്രത്യേക പ്രദർശനവും മന്ത്രി ഉദ്ഘാടനം ചെയ്തു. ഈ മാസം 25 വരെയാണ് ലോകപൈതൃക വാരാഘോഷം.

✪✪✪

ആരോഗ്യ സർവ്വകലാശാല ഇന്റർസോൺ കലോത്സവത്തിന് തൃശൂരിൽ തുടക്കമായി. മന്ത്രി ഡോ. R.ബിന്ദു കലോത്സവം ഉദ്ഘാടനം ചെയ്തു. 'തഹ്രീർ' എന്ന പേരിൽ സംഘടിപ്പിക്കുന്ന കലോത്സവത്തിൽ സംസ്ഥാനത്തെ 132 കോളേജുകളിൽ നിന്നായി മുവ്വായിരത്തോളം വിദ്യാർത്ഥികളാണ് പങ്കെടുക്കുന്നത്. അഞ്ചു വേദികളിൽ 90 ഇനങ്ങളിലാണ് മത്സരം.

✪✪✪

കോഴിക്കോട് റവന്യൂ ജില്ല സ്കൂൾ കലോത്സവം നടക്കാവ് സെക്കൻഡറി സ്കൂളിൽ ആരംഭിച്ചു. സ്റ്റേജിതര മത്സരങ്ങളാണ് ഇന്ന് നടക്കുന്നത്. നാളെ

മുതൽ നാല് ദിവസങ്ങളിലായി സ്റ്റേജ് മത്സരങ്ങൾ നടക്കും. ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിലാണ് പ്രധാന വേദി.

നാളെ രാവിലെ മന്ത്രി AK ശശീന്ദ്രൻ കലോത്സവം ഉദ്ഘാനം ചെയ്യും. ഇരുപത് വേദികളിൽ 319 ഇനങ്ങളിലായി 8000 ത്തോളം മത്സരാർത്ഥികൾ മേളയിൽ പങ്കെടുക്കും.

✪✪✪

കണ്ണൂർ ജില്ലാ സ്കൂൾ കലോത്സവം പയ്യന്നൂരിൽ ആരംഭിച്ചു. 15 ഉപജില്ലകളിലെ പതിനായിരത്തി അഞ്ഞൂറോളം കുട്ടികളാണ് 16 വേദികളിലായി നടക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കുന്നത്. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി വൈകിട്ട് കലോത്സവം ഉദ്ഘാടനം ചെയ്യും. ശനിയാഴ്ച കലോത്സവം സമാപിക്കും.

✪✪✪